പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.562

01.12.2015-ൽ മറുപടിയ്ക്ക്

**കെ.എം.എം.എല്ലിന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീമതി.പി.അയിഷാപോറ്റി<br>ശ്രീ.എളമരം കരീം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| **(എ)** കെ.എം.എം.എല്ലിന്റെ ശേഷിക്കനുസരിച്ച് പ്രസ്തുത സ്ഥാപനം പ്രവർത്തനക്ഷമമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | **(എ)** കെ.എം.എം.എൽ-ന്റെ പ്രവർത്തന ക്ഷമതയെപ്പറ്റി മാനേജ്മെന്റ് തലത്തിലും കമ്പനിയുടെ ഡയറക്ടർ ബോർഡ് തലത്തിലും അവലോകന യോഗങ്ങൾ നടത്തി പ്രവർത്തനക്ഷമത വിലയിരുത്താറുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള ടൈറ്റാനിയം ഡയോക്സൈഡിന്റെ അനാരോഗ്യകരമായ ഇറക്കുമതി കമ്പനിയുടെ ഉല്പന്നങ്ങളുടെ വിൽപനയെയും ശേഷിക്കനുസരിച്ചുള്ള ഉൽപ്പാദനത്തേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| **(ബി)** ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | **(ബി)** ഈ സർക്കാരിന്റെ കാലത്ത് കമ്പനിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഉത്പാദനത്തിന്റെയും വിപണനത്തിന്റെയും കാര്യത്തിൽ 2010-11 വർഷത്തെ അപേക്ഷിച്ച് 2014-2015-ൽ കുറവ് വന്നിട്ടുണ്ട്. 2010-11 തുടങ്ങി 2013-2014 കാലയളവുവരെ കമ്പനി ലാഭത്തിലായിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനി നഷ്ടത്തിലാണ് പ്രവർത്തിച്ചത്. |
| **(സി)** പ്രസ്തുത സ്ഥാപനം പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാകുന്നതിന് വിഘാതമാകുന്ന എന്തെല്ലാം കാരണങ്ങൾ ഉണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | **(സി)** പരിശോധിച്ചിട്ടുണ്ട്. കമ്പനിയുടെ ഉത്പാദന ചെലവിൽ വർഷാവർഷം ഉണ്ടായിട്ടുള്ള വർദ്ധനവ്, ടൈറ്റാനിയം ഡയോക്സൈഡിന് ഇൻഡ്യൻ വിപണിയിൽ വന്നിട്ടുള്ള വിലയിടിവും പ്രത്യേകിച്ച് ചൈനയിൽ നിന്നുള്ള ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതിയും കമ്പനിയുടെ ഉല്പന്നങ്ങളുടെ വിൽപനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൂടാതെ |

കമ്പനിയിൽ ഉണ്ടായെന്ന് സംശയിക്കപ്പെട്ട 'ഗ്യാസ് ലീക്ക്' മൂലം കമ്പനിയുടെ ഉത്പാദനം മൂന്ന്മാസത്തോളം നിർത്തിവയ്ക്കേണ്ട സാഹചര്യം നിലനിന്നതും 2014-2015-ലെ നഷ്ടത്തിന് കാരണമായിട്ടുണ്ട്.

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ക്രിയാത്മകമായ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഉത്പാദന ചെലവ് കുറച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ കമ്പനി ആവിഷ്കരിച്ചുവരുന്നു. കൂടാതെ മാർക്കറ്റിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാനും വിപണനം വർദ്ധിപ്പിക്കുവാനുമുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ചൈനയിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള ഇറക്കുമതി നിയന്ത്രിക്കുന്നതിന് 'സേഫ് ഗാർഡ് ഡ്യൂട്ടി' ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ